**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിൽ തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലില്ലാത്ത സ്ത്രീകൾക്ക് ജീവനോപാധിയായി ചെറുകിട സംരംഭങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021 22 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം നഗരസഭയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ജനറൽ, എസ്. സി, എസ്. ടി എന്നിങ്ങനെ വേർതിരിച്ച് ലഭ്യമാക്കുമോ; | (എ) | 2020-21-ൽ തയ്യാറാക്കിയ ഗുണഭോ ക്തൃ ലിസ്റ്റിൽ ജനറൽ 1496, എസ്.സി 306 പേരും ഉൾപ്പെട്ടിട്ടുണ്ട്. 2021-22 വർഷത്തിൽ ജനറൽ 1333 പേരും എസ്.സി 212 പേരും ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റാണ് തയ്യാറാക്കിയിട്ട ുള്ളത്. ആയതിന്റെ പേരുവിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭയിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജനറൽ, എസ്. സി, എസ്. ടി വിഭാഗത്തിലുള്ള എത്ര ഗ്രൂപ്പുകളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു; ഇതിൽ എത്ര ഗ്രൂപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും സബ്സിഡി അനുവദിച്ച് നൽകി എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2020-21 വർഷത്തിൽ സ്വയം തൊഴി ൽ ഗ്രൂപ്പ് സംരംഭങ്ങൾ ജനറൽ വനിത പദ്ധതി പ്രകാരം 125 ഗ്രൂപ്പുകൾക്കും എ സ്.സി വിഭാഗത്തിൽ 38 ഗ്രൂപ്പുകൾക്കും ഉൾപ്പെടെ ആകെ 163 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. 2021-22 വർഷത്തിൽ സ്വയംതൊഴിൽ ജനറൽ-38 ഗ്രൂപ്പുകൾക്കും എസ്.സി വി ഭാഗത്തിൽ 25 ഗ്രൂപ്പുകൾക്കും ഉൾപ്പടെ 63 ഗ്രൂപ്പുകൾക്ക് അനുവദിച്ചു.ഇതിൽ ഓരോ സാമ്പത്തികവർഷവും ഇനം തിരിച്ച് അനുവദിച്ച് വരുന്ന സബ്സിഡി തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ് |
| (സി) | പ്രസ്തുത പദ്ധതിയിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക എത്രയാണ്; മേൽപ്പറഞ്ഞ കാലയളവിൽ ഓരോ ഗ്രൂപ്പുകൾക്കും അനുവദിച്ച് നൽകിയ സബ്സിഡി തുകയുടെ വിശദാംശം ഗ്രൂപ്പുകളുടെ പേര്, വിലാസം തുക അനുവദിച്ച് നൽകിയ അക്കൗണ്ട് നമ്പർ എന്നിവ സഹിതം വ്യക്തമാക്കുമോ? | (സി) | മൂന്നുലക്ഷം രൂപയാണ് സബ്സിഡി തുക അനുവദിക്കുന്നത് 2020-21 വർഷത്തിൽ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ജനറൽ വനി ത പദ്ധതി പ്രകാരം 125 ഗ്രൂപ്പുകൾക്കും എസ്.സി വിഭാഗത്തിൽ 38 ഗ്രൂപ്പുകൾ ക്കും ഉൾപ്പെടെ ആകെ 163 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. 2021-22 വർഷത്തിൽ സ്വയംതൊഴിൽ വിഭാഗത്തിൽ -38 ഗ്രൂപ്പുകൾക്കും എസ്.സി വിഭാഗത്തിൽ 25 ഗ്രൂപ്പുകൾക്കും ഉൾപ്പടെ 63 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. ടി കാലയളവിൽ ഓരോ ഗ്രൂപ്പുകൾക്കും അനുവദിച്ച് നൽകിയ സബ്സിഡി തുകയുടെ വിശദാംശം, ഗ്രൂപ്പുകളുടെ പേര്, വിലാസം, തുക, അനുവദിച്ച് നൽകിയ അക്കൗണ്ട് നമ്പർ, എന്നിവ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ